കനകക്കുന്നിൽ തിറയാട്ടം എന്നിവ നടത്തി. നാടൻകലാ അക്കാഡമി, സംസ്ഥാനതലനാടൻ പാട്ടുകൾ സംഘടിപ്പിക്കുകയും പാരമ്പര്യ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ നടത്തുകയും പാരമ്പര്യ കലാകാരന്മാരെ ആദരിക്കുകയും ചെയ്യുകയുണ്ടായി.

(ഐ) ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. എങ്കിലും 1999-2000 വർഷത്തിൽ ഒരു കോടി രൂപയും 2000-2001 വർഷത്തിൽ അൻപതു ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

(ജെ) 1999-2000-ൽ 89,18,933 രൂപയും (എൺപത്തിയൊൻപതു ലക്ഷത്തി പതിനെണ്ണായിരത്തി തൊള്ളായിരത്തി മുപ്പത്തി മൂന്ന് രൂപാമാത്രം) 2000-2001 ൽ 58,81,067 രൂപയും (അൻപത്തിയെട്ടു ലക്ഷത്തി എൺപത്തിയൊന്നായിരത്തി അറുപത്തിയേഴു രൂപ) ചെലവഴിക്കുകയുണ്ടായി.

തിരുവനന്തപുരത്ത് നടത്തിയ പുഷ്പോത്സവം

159 (918) ശ്രീ. ബി. വിജയകുമാർ :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം മിഷന്റെയും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഈ വർഷം തിരുവനന്തപുരത്ത് പുഷ്പോൽസവം നടത്തുകയുണ്ടായോ ;

(ബി) എന്നുമുതൽ എന്നുവരെയാണ് ഈ ഉത്സവം നടത്തിയത് ;

(സി) 26-1-2001 -ൽ ഗുജറാത്തിൽ ഭൂകമ്പദുരന്തമുണ്ടായ ദിവസവും തുടർന്നുള്ള ദിവസങ്ങളിലും പുഷ്പോത്സവം നടന്നയിടത്ത് എന്തെല്ലാം വിധത്തിലുള്ള ആഘോഷ പരിപാടികളുണ്ടായിരുന്നു ;

(ഡി) നിരവധി കേരളീയരുൾപ്പെടെ ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെട്ട ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ പുഷ്പോത്സവം പോലുള്ള ആഘോഷങ്ങൾ നടത്തിയത് ഉചിതമാണോ ;

(ഇ) അല്ലാത്തപക്ഷം പ്രസ്തുത ആഘോഷം നിർത്തി വയ്ക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) മാനവീയം സാംസ്കാരിക മിഷന് പുഷ്പോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധമില്ല. എന്നാൽ മാനവീയത്തിന്റെ സമാപനപരിപാടികൾ ജനുവരി 26 മുതൽ 31 വരെ പുഷ്പോത്സവത്തോടൊപ്പം നടത്തുകയുണ്ടായി.

(ബി) ജനുവരി 20 മുതൽ 31 വരെയാണ് പുഷ്പോത്സവം നടത്തിയത്.

(സി) 26-1-2001 മുതൽ തിരുവനന്തപുരം കനകക്കുന്നിൽ നിശാഗന്ധി, സൂര്യകാന്തി, ഓഡിറ്റോറിയങ്ങളിൽ മുൻ തീരുമാനമനുസരിച്ച് സക്കീർ ഹുസൈൻ,

LIBRARY ARCHIVES Kerala Legislative Assembly

ശോഭന, പണ്ഡിറ്റ് ഹരിപ്രസാദ്, ചൗരസ്യ, പത്മവിഭൂഷൺ പണ്ഡിറ്റ് ശിവകുമാർ ശർമ്മ, മല്ലികാസാരാഭായ്, താരാകല്യാൺ, വസന്തമണി, വി.എം.കുട്ടി, ശിവമണി, ജി. എസ്. രാജൻ തുടങ്ങിയവരുടെ കലാപരിപാടികൾ മാനവീയം സാംസ്ക്കാരിക മിഷന്റെ ഭാഗമായി നടന്നു.

(ഡി&ഇ) പുഷ്പോത്സവം തുടങ്ങിയത് ജനുവരി 20 ന് ആയിരുന്നു. പരിപാടികൾ മുൻപേ ആസൂത്രണം ചെയ്തതാകയാൽ നേരത്തെ മുടക്കിയ തുക നഷ്ടപ്പെടുമായിരുന്നു മാനവീയം പരിപാടിയിൽ 31-ാം തീയതി നടത്താനിരുന്ന സുബ്രഹ്മണ്യം, കവിതാ കൃഷ്ണമൂർത്തി എന്നിവരുടെ പരിപാടികൾ, കേരള ഗവർണർ പങ്കെടുക്കാമെന്നു സമ്മതിച്ചിരുന്നു പ്രതിഭാപ്രണാമം എന്നിവ മാറ്റി വെച്ചു.

പരിപാടികൾ തുടർന്നു നടത്തിയതുകൊണ്ട് ഗുജറാത്ത് ദുകമ്പദുരിതാശ്വാസ നിധിയിലേക്ക് ഒരു ലക്ഷംരൂപ പുഷ്പോത്സവ വേദിയിൽ നിന്ന് സമാഹരിക്കാൻ കഴിഞ്ഞു.

മാനവീയം സാംസ്കാരിക മിഷന്റെ ആഭിമുഖ്യത്തിൽ നൽകിയ അവാർഡ്

160 (919) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം സാംസ്ക്കാരിക മിഷന്റെ ആഭിമുഖ്യത്തിൽ അവാർഡ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം എന്തടിസ്ഥാനത്തിലാണ് അവാർഡ് നൽകിയത് ;

(സി) ഈ മിഷന്റെ ആഭിമുഖ്യത്തിൽ നൽകാനുദ്ദേശിച്ച അവാർഡ് ആരെങ്കിലും നിരസിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആര് ; അവാർഡ് നിരസിക്കാനുള്ള കാരണം എന്തായിരുന്നുവെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചിത്രകലാരംഗത്ത് നൽകിയിട്ടുള്ള സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് ശ്രീ. കെ. ജി സുബ്രഹ്മണ്യത്തിന് മാനവീയം രവിവർമ്മ പുരസ്കാരം നൽകി.

(സി&ഡി) കേരളത്തിലെ ചില പ്രമുഖ വ്യക്തികളെ ആദരിക്കാനുള്ള തീരുമാനം മാനവീയം സാംസ്ക്കാരിക മിഷൻ എടുത്തിരുന്നുവെങ്കിലും ഗുജറാത്തിലെ ഭൂകമ്പം മൂലം 31-1-2001-ൽ നടത്താനിരുന്ന ചടങ്ങ് മാറ്റിവച്ചു. ഈ ആദരിക്കൽ ചടങ്ങ് അവാർഡ് വിതരണമല്ല.

LIBRARY ARCHIVES Kerala Legislative Assembly